# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021ജൂലൈ 31

# വാർത്താക്കുറിപ്പ്

## ശ്രുവണസഹായി വിതരണം ചെയ്തു

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് (ഐ.ആർ.എൽ.ഡി.) സംഘടിപ്പിച്ച മെഗാ ക്യാമ്പിൽ 270 പേർക്ക് ശ്രുവണ സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തു.

മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആലിയവർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് ഡിസെബിലിറ്റീസുമായി ചേർന്നാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ജൂലൈ 26 മുതൽ 31 വരെ നടന്ന ക്യാമ്പിന് സഹൃദയ-കൊച്ചി, സാൻജിയൊ ട്രസ്റ്റ് തൃശ്ശൂർ എന്നീ സന്നദ്ധ സംഘടനകളുടെ സഹകരണവും ഉണ്ടായിരുന്നു.

പൂർണമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്തിയ ക്യാമ്പിൽ 15000 രൂപ വീതം വിലവരുന്ന ഉപകരണങ്ങളാണ് സൗജന്യമായി വിതരണം ചെയ്തത്. മുംബൈ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള വിദഗ്ധ സംഘത്തിന്റെ നേതൃത്വത്തിലാണ് കേൾവി പരിശോധനയും കമ്പ്യൂട്ടറൈസ്ഡ് ഹിയറിംഗ് എയ്ഡ് പ്രോഗ്രാമിംഗും നടത്തിയത്.

മെഗാ ക്യാമ്പിന്റെ ഉദ്ഘാടനം കൊച്ചി മേയർ അഡ്വ. അനിൽ കുമാർ നിർവഹിച്ചു. എമിററ്റസ് ആർച്ച് ബിഷപ് മാർ തോമസ് ചെക്കിയത്ത് അധ്യക്ഷത വഹിച്ചു. ഡോ. ആർ.പി. ശർമ, ഡോ. മാത്യു കാർട്ടിൻ (മുംബൈ), ഡോ. കെ.എം. മുസ്തഫ (ഡയറക്ടർ, ഐ.ആർ.എൽ.ഡി., എം.ജി. യൂണിവേഴ്സിറ്റി), ഫാദർ എസ്. തേർമടം (പ്രസിഡന്റ് സാൻജിയോ ട്രസ്റ്റ്, തൃശ്ശൂർ), സി.ബി.ആർ. കോർഡിനേറ്റർ ശ്രീമതി സെലിൻ പോൾ എന്നിവർ സംസാരിച്ചു.

സമാപന ചടങ്ങിൽ ബ്ലഡ് ഡോണേഴ്സിനായുള്ള സ്പെഷൽ അപ്പ് സിനിമാതാരവും സഹൃദയ കൊച്ചിയുടെ ഗുഡ്വിൽ അമ്പാസഡറുമായ സിജോയ് വർഗീസ് ഉദ്ഘാടനം ചെയ്തു. ക്യാമ്പ് നടത്തിപ്പിൽ സജീവമായി സേവനം നടത്തിയ സ്കൂൾ ഓഫ് ബിഹേവിറയൽ സയൻസസിലെ സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റീസ് പി.ജി. വിദ്യാർഥികളെ ചടങ്ങിൽ അനുമോദിച്ചു.

(പി.ആർ.ഒ/39/716/2021)

## പരീക്ഷഫലം

2020 നവംബർ മാസത്തിൽ നടന്ന രണ്ടാം വർഷ എം.എഫ്.എ. റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/717/2021)

## പുതുക്കിയ പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ് സി. (2020 അഡ്മിഷൻ - റഗുലർ/2019, 2018 അഡ്മിഷൻ - സപ്ലിമെന്ററി/2009 അഡ്മിഷൻ മുതൽ മേഴ്സി ചാൻസ് - അഫിലിയേറ്റഡ് കോളജുകൾ/സീപാസ്) പരീക്ഷകളുടെ പുതുക്കിയ പരീക്ഷ തീയതി പ്രഖ്യാപിച്ചു.

ഓഗസ്റ്റ് നാലിന് നടത്താനിരുന്ന ഫൗണ്ടേഷൻ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസസ് പരീക്ഷ സെപ്റ്റംബർ ഒന്നിന് നടക്കും. ഓഗസ്റ്റ് ആറിന് നടത്താനിരുന്ന ലൈബ്രറി ഇൻഫർമേഷൻ സെന്റർ മാനേജ്മെന്റ് പരീക്ഷ സെപ്റ്റംബർ മൂന്നിന് നടക്കും. ഓഗസ്റ്റ് ഒൻപതിന്

നടക്കും. ഓഗസ്റ്റ് 11ന് നടത്താനിരുന്ന നോളേജ് ഓർഗനൈസേഷൻ തിയറി - കാറ്റലോഗിംഗ് പരീക്ഷ സെപ്റ്റംബർ എട്ടിന് നടക്കും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/718/2021)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ്. - 2018 അഡ്മിഷൻ - റഗുലർ/2017 അഡ്മിഷൻ - റീഅപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) ബിരുദ പരീക്ഷയുടെ സംസ്കൃതം- ഓപ്പൺ കോഴ്സ് - കൂടിയാട്ടം- എ സ്റ്റഡി എന്ന പേപ്പറിന്റെ പരീക്ഷ ഓഗസ്റ്റ് ആറിന് നടക്കും.

(പി.ആർ.ഒ/39/719/2021)

## ഹാൾടിക്കറ്റ്

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററിലും നടത്തുന്ന വിവിധ എം.എ., എം.എസ് സി., എം.റ്റി.റ്റി.എം., എൽ.എൽ.എം., മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ്, എം.എഡ്., എം.ടെക്, ബി.ബി.എ. എൽ.എൽ.ബി. എന്നീ പ്രോഗ്രാമുകളിലേക്ക് 2021-22 അക്കാദമിക വർഷ പ്രവേശനത്തിനായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓഗസ്റ്റ് 12, 13 തീയതികളിൽ നടക്കുന്ന പരീക്ഷയുടെ (ക്യാറ്റ് - 2021) ഹാൾടിക്കറ്റ് www.cat.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. വിശദവിവരത്തിന് ഫോൺ: 0481-2733595. ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/720/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ